**കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് കാര്യാലയം**

കാഞ്ഞിരപ്പള്ളി പി.ഒ - 686507, കോട്ടയം ജില്ല, ഫോൺ : 04828 202486,9496044737

**E-mail:** *kanjirappallygpktm@gmail.com*


---

**JC3/ 3552810-2026** **തീയതി:24/07/2026**

## ലേലം/ക്വട്ടേഷൻ പരസ്യം

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്തിൽ താഴെപറയുന്ന ഇനങ്ങളിൽ 31/07/2026 തീയതി വെള്ളിയാഴ്ച കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത് കോൺഫറൻസ് ഹാളിൽ വെച്ച് ലേലം/ക്വട്ടേഷൻ മുഖേന നടത്തുന്നതാണ്. ക്വട്ടേഷനുകൾ ഇതേ ദിവസം ലേലസമയത്തിന് അരമണിക്കൂർ മുൻപായി പഞ്ചായത്ത് ഓഫീസിൽ മുദ്ര വെച്ച കവറിൽ സമർപ്പിക്കേണ്ടതാണ്. പ്രസ്തുത തീയതിയിൽ ലേലത്തിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അന്നേ ദിവസം ലേലസമയത്തിന് അരമണിക്കൂർ മുൻപായി നിരത ദ്രവ്യം ഒടുക്കി ലേലഹാളിൽ പ്രവേശിക്കേണ്ടതാണ്. ലേലവുമായി ബന്ധപ്പെട്ടവർക്ക് മാത്രമേ ഹാളിൽ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ

| ലേല ഇനം | നിരത ദ്രവ്യം | ലേല സമയം |
|---|---|---|
| 20 വാർഡിൽ സ്ഥിതിചെയ്യുന്ന പനച്ചേപ്പള്ളി അംഗനവാടി നമ്പർ-34 കെട്ടിടം പൊളിച്ചു നീക്കൽ | 500/- | 11.00 എ.എം |
| സഹൃദയ ലൈബ്രറിയിലെ പഴയ പത്രങ്ങളും മാസികകളും- പുനർലേലം | 1000/- | 11.30 എ.എം |

ലേല വ്യവസ്ഥകൾ

1. ലേലത്തോടൊപ്പം ക്വട്ടേഷനും സമർപ്പിക്കാവുന്നതാണ്. ലേലത്തിന് ശേഷം ക്വട്ടേഷൻ തുറന്നു പരിശോധിക്കുന്നതാണ്.
2. ക്വട്ടേഷനിൽ പങ്കെടുക്കുന്നവർ നിശ്ചിത തുകക്കുള്ള നിരതദ്രവ്യം ഓഫീസിൽ അടവ് വരുത്തിയതിന്റെ രസീതിന്റെ പകർപ്പ് ക്വട്ടേഷൻ ഉൾപ്പെട്ട കവറിൽ ഉള്ളടക്കം ചെയ്യേണ്ടതാണ്.
3. ലേലത്തിൽ മാത്രം പങ്കെടുക്കുന്ന സംഗതിയിൽ നിരതദ്രവ്യം ലേലം ആരംഭിക്കുന്നതിന് മുമ്പായി ചുമതലപ്പെട്ട ഉദ്യോഗസ്ഥനെ ഏൽപ്പിച്ച് രസീത് വാങ്ങേണ്ടതാണ്.
4. കൂടിയ തുകക്ക് ലേലം/ ക്വട്ടേഷൻ കൊള്ളുന്നവർ ലേലത്തുകയുടെ മൂന്നിലൊന്ന് തുക അന്നേ ദിവസം തന്നെ അടവ് വരുത്തേണ്ടതാണ്.
5. ലേലം പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനുള്ളിൽ ലേലത്തുകയുടെ ബാക്കിയും നികുതികളും അടവ് വരുത്തേണ്ടതും 500 രൂപ മുദ്രപത്രത്തിൽ കരാറിൽ ഏർപ്പെടേണ്ടതുമാണ്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം നിരതദ്രവ്യം ഉൾപ്പടെ ലേലഇനത്തിൽ അടച്ച തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതും ലേലം കൊണ്ടയാളുടെ നഷ്ട ഉത്തരവാദിത്വത്തിൽ പുനർലേലം നടത്തുന്നതുമാണ്.
6. ലേലത്തുകയോടൊപ്പം GST 18% എന്നിവ കൂടി അടവ് വരുത്തേണ്ടതാണ്.
7. ലേലം നിശ്ചയിച്ച ദിവസം ഏതെങ്കിലും കാരണവശാൽ പൊതുഅവധി പ്രഖ്യാപിക്കുന്ന പക്ഷം തൊട്ടടുത്ത പ്രവർത്തി ദിവസം ഇതേ സമയത്ത് ലേലം/ക്വട്ടേഷൻ നടപടികൾ നടത്തുന്നതാണ്.
8. നിലവിലുള്ള എല്ലാ ലേല വ്യവസ്ഥകളും ഇതിന് ബാധകമായിരിക്കുന്നതാണ്.
9. ലേലം നിർത്തി വയ്ക്കുന്നതിനും മാറ്റിവയ്ക്കുന്നതിനും റദ്ദു ചെയ്യുന്നതിനും പഞ്ചായത്തിന് അധികാരമുണ്ടായിരിക്കുന്നതാണ്
10. കൂടുതൽ വിവരങ്ങൾ പ്രവർത്തി സമയങ്ങളിൽ പഞ്ചായത്ത് ഓഫീസ് / tender.lsgkerala.gov.in എന്ന വെബ് സൈറ്റ് മുഖേനയും ലഭ്യമാണ്.

ഒപ്പ്

OFFICE OF THE KANJIRAPALLY GRAMA PANCHAYAT * KANJIRAPALLY P.O. *

സെക്രട്ടറി

കാഞ്ഞിരപ്പള്ളി ഗ്രാമപഞ്ചായത്ത്

Secretary
Kanjirapally Grama Panchayat